ഡെപ്യൂട്ടി ഡയറക്ടർ (എ.ഇ.ഇ.) 6 എണ്ണം

പി. പി. യു. 3

കെ. എസ്. ടി. പി. 3

ജോയിന്റ് ഡയറക്ടർ 2 എണ്ണം

കെ. എസ്. ടി. പി. 2

(ഇ) അസിസ്റ്റന്റ് ഡയറക്ടർ (എ. ഇ.), ഡെപ്യൂട്ടി ഡയറക്ടർ (എ. ഇ. ഇ.), ജോയിന്റ് ഡയറക്ടർ (എക്സിക്യൂട്ടീവ് എഞ്ചിനീയർ) എന്നീ ഉദ്യോഗസ്ഥരുടെ കുറവു കാരണം ഡ്രിക്ക്ബോർഡിലെ ഡിസൈൻ വിഭാഗത്തിൽ ഡിസൈൻ പണികൾക്ക് കാലതാമസം നേരിടുന്നുണ്ട്.

(എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

42 [594] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് സ്വീകരിച്ച നടപടിക്രമങ്ങളെക്കുറിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആവശ്യത്തിലേക്ക് ഏതെല്ലാം സ്വകാര്യ ഏജൻസികൾക്കാണ് ഓർഡർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന് ഓർഡർ നൽകാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) കമ്പ്യൂട്ടർ വാങ്ങുന്നതിനുമുമ്പ് അവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 51,36,380 രൂപ.

(ബി) പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിൽ നിന്ന് നേരിട്ടാണ് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വകാര്യ ഏജൻസികൾക്ക് ഓർഡർ നൽകിയിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ, എഫ്) കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിനുമുമ്പ് കെൽട്രോൺ അവയുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. അതിനാൽ പൊതുമരാമത്ത് വകുപ്പ് മറ്റുനടപടികൾ സ്വീകരിച്ചിട്ടില്ല.

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കുകൾ

43 [595] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ചതും ഇനി പ്രവൃത്തി ആരംഭിക്കാൻ തീരുമാനിച്ചതുമായ വർക്കുകൾ ഏതെല്ലാമാണെന്നും ഇതിന്റെ ഓരോന്നിന്റേയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ബി) തളിപ്പറമ്പ്-ഇരിട്ടി റോഡിൽ ഈ പദ്ധതിയിൽ ഉപയോഗിക്കുന്ന ഭാഗത്തിന്റെ പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കെ. എസ്. ടി. പി. പദ്ധതിയിൽ സംസ്ഥാനത്തിന് ഇതിനോടകം എത്ര രൂപ സഹായമായി ലഭിച്ചുവെന്നും ഇത് തിരിച്ചടയ്ക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) തുടർന്ന് ലോകബാങ്കിൽ നിന്നും ലഭിക്കാനിടയുള്ള സഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) തളിപ്പറമ്പ്-ഇരിട്ടി റോഡ് (46 കി. മീ.) ഒന്നാം വർഷം ഹെവി മെയിന്റനൻസിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന റോഡ് വികസന പദ്ധതിക്ക് (കെ.എസ്.ടി.പി.) 1250 കോടി രൂപ ലോകബാങ്കിൽ നിന്നും വായ്പ ലഭിക്കും. ലോകബാങ്കിൽ നിന്നും ഇതേവരെ 112.26 കോടി രൂപ വായ്പ ലഭിച്ചിട്ടുണ്ട്. വായ്പ തുക 2007 മുതൽ 15 വർഷം കൊണ്ട് 11½% പലിശ സഹിതം തിരിച്ചടയ്ക്കണം. വായ്പ തുകയിൽ 30% ഗ്രാന്റായിരിക്കും.

(ഡി) ഇപ്പോൾ നടപ്പാക്കിവരുന്ന കെ.എസ്.ടി.പി.-യിൽ ഉൾപ്പെടാത്ത റോഡുകളുടെ വികസനത്തിനായി ലോകബാങ്ക് സഹായത്തോടെ ഒരു പുതിയ പദ്ധതി (K.S.T.P. II) നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly